പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5158 26.03.2018-ൽ മറുപടിക്ക്

## റോഡ് വെട്ടിപ്പൊളിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. സി. ദിവാകരൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവാദമില്ലാതെ റോഡ് വെട്ടിപ്പൊളിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ചിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി ദേശീയപാതാവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറേയും, സ്റ്റേറ്റ് ഹൈവേയുടേയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടേയും അതോറിറ്റിയായി നിരത്തുകളും പാലങ്ങളും വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറേയും, 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചുകൊണ്ട് 03.09.2016-ലെ സ.ഉ (കൈ) നം. 63/2016/പൊ.മ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുവാദമില്ലാതെ റോഡ് വെട്ടിപ്പൊളിക്കുന്നവർക്കെതിരെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് പിഴ ഈടാക്കുന്നതിനും മറ്റ് നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി അതാത് ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.<br><br>**നടപടികൾ**<br>**a)** അനുവാദമില്ലാതെ റോഡ് വെട്ടിപ്പൊളിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി സ്വീകരിക്കാതിരുന്ന എഞ്ചിനീയർമാർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**b)** അനുവാദമില്ലാതെ റോഡുകൾ വെട്ടിപ്പൊളിച്ച കമ്പനികൾക്ക് പ്രവൃത്തി നടത്തുന്നതിനുള്ള അനുവാദം നൽകുന്നത് നിർത്തി വെപ്പിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ